ഭരണഭാഷ-മാതൃഭാഷ
വിവരാവകാശ നിയമം 2005

**പഞ്ചായത്ത് ഡയറക്ടറാഫീസ്,**
**പബ്ലിക് ഓഫീസ്,വികാസ് ഭവൻ പി ഓ**
**തിരുവനന്തപുരം- 695033,0471-2786318**
**directorofpanchayatcsection@gmail.com**
**തീയതി : 06/10/2021**

**പഞ്ചായത്ത് ഡയറക്ടർ**

പഞ്ചായത്ത് വകുപ്പിലെ എല്ലാ പൊതുവിവരാധികാരികൾക്കും, അപ്പീൽ അധികാരികൾക്കും. (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ മുഖേന)

സർ,

വിഷയം: പഞ്ചായത്ത് വകുപ്പ് -വിവരാവകാശ നിയമം 2005- 30.09.2021 ലെ PAN/11566/2021-C7(DP) -ാം നമ്പർ ഉത്തരവ്- അധിക മാർഗ്ഗ നിർദ്ദേശങ്ങൾ- സംബന്ധിച്ച്

പരാമർശം. പഞ്ചായത്ത് ഡയറക്ടറുടെ 30.09.2021 ലെ PAN/11566/2021-C7(DP) നമ്പർ ഉത്തരവ്

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആഫീസുകളിലും, അസിസ്റ്റൻറ് പഞ്ചായത്ത് ഡയറക്ടർ ആഫീസുകളിലും, പെർഫോമൻസ് ആഡിറ്റ് യൂണീറ്റുകളിലും, ഗ്രാമപഞ്ചായത്ത് ഓഫീസുകളിലും അപ്പീൽ അധികാരിയെയും സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർമാരേയും, സ്റ്റേറ്റ് അസ്സിസ്റ്റന്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർമാരേയും നിയമിച്ച് മേൽ പരാമർശപ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവ് പൂർണ്ണമായ അർത്ഥത്തിൽ നടപ്പാക്കുന്നതിനായി ചുവടെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) 30.09.2021 ന് മുൻപ് ആഫീസുകളിൽ ലഭിച്ച വിവരാവകാശ അപേക്ഷകളിൽ നടപടി സ്വീകരിച്ചിട്ടില്ലാത്തവ തീർപ്പാക്കുന്നതിനായി മേൽ ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള പൊതുവിവരാധികാരികൾക്ക് കൈമാറി നല്കേണ്ടതാണ്.

2) 30.09.2021 ന് മുൻപ് ആഫീസുകളിൽ ലഭിച്ച അപ്പീൽ അപേക്ഷകളിൽ നടപടി സ്വീകരിച്ചിട്ടില്ലാത്തവ തീർപ്പാക്കുന്നതിനായി മേൽ ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള അപ്പീൽ അധികാരിക്ക് കൈമാറി നല്കേണ്ടതാണ്.

3) 30.09.2021 ന് മുൻപ് ആഫീസുകളിൽ ലഭിച്ച അപ്പീൽ അപേക്ഷകളിൽ നടപടി ആരംഭിച്ചവ പഴയ അപ്പീൽ അധികാരി തന്നെ തീർപ് കൽപിക്കേണ്ടതാണ്.

4) പെർഫോമൻസ് ആഡിറ്റ് യൂണിറ്റുകളിൽ പൊതുവിവരാധികാരി എന്ന നിലയിൽ ഫീസ്/പകർപ്പ് ഫീസ് സ്വീകരിന്നതിന് ആവശ്യമായ TR5 ബുക്കുകൾ അതാത് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആഫീസുകളിൽ നിന്നും എല്ലാ യൂണിറ്റുകൾക്കും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

5) പെർഫോമൻസ് ആഡിറ്റ് ഓഫീസുകളിൽ വിവരാവകാശ നിയമം 2005 പ്രകാരമുള്ള അപേക്ഷ / അപ്പീൽ അപേക്ഷ സ്വീകരിക്കുന്നതിനും രസീത് നൽകുന്നതിനും സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. ഏതെങ്കിലും കാരണത്താൽ ജീവനക്കാരില്ലാതെ വരുന്ന സാഹചര്യമുണ്ടായാൽ അപേക്ഷകൾ സ്വീകരിക്കുന്നതിന് ബോക്സ് സ്ഥാപിക്കുന്നത് ഉൾപ്പടെ ഉചിതമായ ക്രമീകരണം ഏർപ്പെടുത്തേണ്ടതാണ്.

6) പെർഫോമൻസ് ആഡിറ്റ് ഓഫീസുകളിൽ വിവരാവകാശ നിയമം 2005 പ്രകാരമുള്ള അപേക്ഷ / അപ്പീൽ അപേക്ഷകൾക്ക് മറുപടി നൽകുന്നതിന് ആവശ്യമായ തുക ഓഫീസ് ചെലവുകൾക്കുള്ള തുകയിൽ നിന്നും ചെലവഴിക്കാവുന്നതാണ്.

7) അപേക്ഷകൾ സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും അപേക്ഷകളിൽ നടപടി സ്വീകരിക്കുമ്പോൾ വിവരാവകാശ നിയമത്തിലെ വ്യവസ്ഥകളും, കേന്ദ്ര-സംസ്ഥാന വിവരാവകാശകമ്മീഷനുകളും, കേന്ദ്ര-സംസ്ഥാന സർക്കാരുകളും, പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ യഥാവിധി പാലിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

വിശ്വസ്തതയോടെ

**H. DINESHAN IAS**
പഞ്ചായത്ത് ഡയറക്ടർ

Signature Not Verified

Digitally signed by H DINESHAN IAS
Date: 2021.10.06 04:08:29 PDT
Reason: Approved